പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2272 | 8.07.2015- ൽ മറുപടി നല്കേണ്ടത്. |

## വിഷലിപ്തമായ ഭക്ഷ്യോൽപന്നങ്ങളുടെ വിപണനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപന്നങ്ങളിൽ പലതും വിഷലിപ്തമായ പല വസ്തുക്കളും ചേർത്തവയാണ് എന്നത് പരിശോധിച്ച് കണ്ടെത്തി അവയുടെ വിപണനം തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന വ്യക്തമാക്കുമോ ; | എ) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് വ്യാപകമായ പരിശോധന നടത്തി സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതും നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്ന പക്ഷം അതിൽ ഉൾപ്പെട്ടവർക്കെതിരെ 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| ബി) | എങ്കിൽ2015-16 കാലയളവിൽ സംസ്ഥാനത്തുള്ള എന്തെല്ലാം ഭക്ഷ്യോൽപന്നങ്ങൾ മറ്റു സംസ്ഥാനത്തുനിന്നും വിപണനത്തിനായി സംസ്ഥാനത്തെത്തുന്നുവെന്നും, ഇവ വിഷലിപ്തമാണോ അല്ലയോ എന്ന് പരിശോധിച്ച് കണ്ടെത്തിയവ ഏതെല്ലാം എന്നതിനെക്കുറിച്ചു വിവരണം നല്കുമോ; | ബി) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മുഴുവൻ ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. എന്നാൽ വ്യാപകമായ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ലഭ്യമായ വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത നിലവാരം ഇല്ലായെന്ന് കണ്ടെത്തിയ 14 വെളിച്ചെണ്ണ ബ്രാൻഡുകൾ ഇതിനകം നിരോധിച്ചിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിൽ വ്യാപകമായ കീടനാശിനിയുടെ സാന്നിധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത്സംബന്ധിച്ച് ഒരു വിദഗ്ദ്ധ സംഘം തമിഴ്നാട് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ടി റിപ്പോർട്ടിന്റെ ഗൗരവ സ്വഭാവം കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

| | | | |
|---|---|---|---|
| സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിതരണം തടഞ്ഞ ഭക്ഷ്യോൽ പന്നങ്ങൾ ഏതെല്ലാമെന്ന വിശദമാക്കുമോ; | സി) | പരിശോധനയുടെ ഫലമായി ഇതിനകം ബ്രാൻഡ് വെളിച്ചെണ്ണയുടെ വിൽപ്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കൂടാതെ അനുവദനീയമായ അളവിൽ ലെഡിന്റെയും അജിനോമോട്ടോയുടെയും സാന്നിധ്യം അധികമായി കണ്ടെത്തിയതിനെതുടർന്ന് നെസ്ലേ മാഗി ന്യൂഡിൽസ് വിപണിയിൽ നിന്ന് അടിയന്തിരമായി പിൻവലിക്കണമെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തും അത് സംബന്ധിച്ച് കർശനമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | നെസ്ലേ മാഗിന്യൂഡിൽസ് പല സംസ്ഥാനങ്ങളിലും പരിശോധനകളിൽ ഭക്ഷ്യയോഗ്യമല്ലെന്നും വിഷലിപ്തമാണെന്നും കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കേരളം എന്തു നടപടി സ്വീകരിച്ചുവെന്ന അറിയിക്കുമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards Authority of India മാഗി ന്യൂഡിൽസിന്റെ പരിശോധനഫലം കണക്കിലെടുത്ത് No.10/Q.A/Enforcement Issues/FSSAI/2015 dated 05.06.2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപമായി ടി ഉൽപന്നം പിൻവലിക്കുവാൻ ഉൽപാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | പ്രസ്തുത ഉൽപന്നം അതിനുശേഷവും സർക്കാർ/സ്വകാര്യ ഏജൻസികൾ വിപണനം നടത്തുന്നത് പരിശോധിച്ചുവോ; പ്രസ്തുത ഉൽപന്നവും അതുപോലുള്ള ഉൽപന്നങ്ങളും പഴവർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവയും മറ്റും സംസ്ഥാന അതിർത്തികളിലെത്തുമ്പോൾ പരിശോധിക്കുന്നുണ്ടോ; ഏതെങ്കിലും ഉൽപന്നങ്ങൾ കൊണ്ടുവരുന്നതു തടഞ്ഞിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | ഇ) | പരിശോധിച്ചിട്ടുണ്ട്.വിൽപ്പന തുടരുന്നില്ലായെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന അതിർത്തിയിൽ ഭക്ഷ്യോൽപ്പന്നങ്ങൾ പരിശോധിക്കുന്നതിനായി നിലവിൽ സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ സംസ്ഥാനത്ത് മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമാണെന്ന് ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ ടാങ്കർ ലോറികളിൽ വെളിച്ചെണ്ണ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിന് കർശനനിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. അത്തരത്തിൽ പരിശോധനയിൽ മായം ചേർത്തതാണെന്ന് കണ്ടെത്തിയ ഏതാനും ലോഡ് വെളിച്ചെണ്ണ തിരിച്ചയയ്ക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| എഫ്) | മാഗി ന്യൂഡിൽസ് ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനത്ത് വിപണനം തടഞ്ഞിട്ടുള്ളതായി അറിയാമോ; എന്തു കാരണങ്ങളാലാണ് തടഞ്ഞതെന്നും ഇത്തരത്തിൽ മറ്റു സംസ്ഥാനങ്ങളിൽ വിപണനം തടഞ്ഞ ഏതെല്ലാം ഭക്ഷ്യോൽപന്നങ്ങൾ സംസ്ഥാനത്ത് നിലവിൽ വിപണനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ? | എഫ്) | Food Safety and Standards Authority of India മാഗി ന്യൂഡിൽസിന്റെ പരിശോധനയിൽ ലെഡിന്റെയും അജിനോമോട്ടോയുടെയും സാന്നിധ്യം അനുവദനീയമായ അളവിലും കൂടുതൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ No.10/Q.A/Enforcement Issues/FSSAI/2015 dated 05.06.2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപമായി ടി ഉൽപന്നം പിൻവലിക്കുവാൻ ഉൽപാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ മറ്റു സംസ്ഥാനങ്ങളിൽ വിപണനം തടഞ്ഞ യാതൊരു ഭക്ഷ്യോൽപന്നങ്ങളും സംസ്ഥാനത്ത് വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ